നമ്പർ : **LSGD/JD/MPM/2320/2026-H3** തദ്ദേശ സ്വയംഭരണ വകുപ്പ്

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, മലപ്പുറം.
ഇ-മെയിൽ: **jdlsgdmpm@gmail.com**
ഫോൺ: **0483-2734838**
തീയ്യതി: **12-03-2026**

**<u>സിറ്റിസൺ അസ്സിസ്റ്റൻറ്</u>**

**<u>തദ്ദേശസ്വയംഭരണ വകുപ്പിൽ സ്ഥിരം അദാലത്ത്</u>**

**(Refer GO No..916/2023/LSGD dt 25-4-23 and Letter No. LSGD/PD/20630/2023-VIGAS dt 17-5-23 of Principal director)**

കെട്ടിട നിർമ്മാണ പെർമിറ്റ്, പൂർത്തീകരണം, ക്രമവൽക്കരണം, നമ്പറിംഗ്, ലൈസൻസുകൾ, ജനന-മരണ-വിവാഹ രജിസ്ട്രേഷൻ എന്നീ വിഷയങ്ങളിലെ ഹർജികൾ പരിഗണിക്കുന്നതിന് ഉപജില്ലാ അദാലത്ത് സമിതി **06** ൻറെ ഒരു യോഗം **07/03/2026 11 .** എ എം.ന് ഓൺലൈനായി നടത്തി. ടി യോഗത്തിൻറെ ഹാജറും നടപടിക്രമങ്ങളും

**ഹാജർ :**

1. ശ്രീ.രാജൻ.കെ.കെ. ഇൻറേണൽ വിജിലൻസ് ഓഫീസർ (കൺവീനർ)
2. ശ്രീ. നൈസാം.പി.കെ, ഡെപ്യൂട്ടി ടൌൺപ്ലാനർ, (അംഗം)
3. ശ്രീമതി.മിനിമോൾ.പി.കെ,അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, മലപ്പുറം ബ്ലോക്ക്
4. ശ്രീ.അബൂബക്കർ സിദ്ദിഖ്, സെക്ഷൻ ക്ലാർക്ക്, മംഗലം ഗ്രാമ പഞ്ചായത്ത്

**അജണ്ട**

**1.മംഗലം ഗ്രാമ പഞ്ചായത്ത് വാർഡ് 1 ൽ 1990 ൽ 15 സെൻ്റ് ഭൂമിയിൽ പണി പൂർത്തീകരിച്ച കെട്ടിടത്തോട് ചേർന്ന് നിർമ്മിച്ച പുതിയ കെട്ടിടത്തിന് നമ്പർ ലഭിച്ചിട്ടില്ല എന്ന് സൂചിപ്പിച്ച് വി.പി കുഞ്ഞി മോൻ ,വൈസ് പ്രസിഡൻ്റ് , ബദർ ജുമാ മസ്ജിദ്, കൂട്ടായി എന്നവർ നൽകിയ പരാതി (Doc No.BPMPM60985000031)**

മംഗലം ഗ്രാമ പഞ്ചായത്ത് വാർഡ് **1** ൽ **1990** ൽ **15** സെൻ്റ് ഭൂമിയിൽ പണി പൂർത്തീകരിച്ച കെട്ടിടത്തോട് ചേർന്ന് നിർമ്മിച്ച പുതിയ ഷോപ്പ് കം ഹാൾ കെട്ടിടത്തിന് നമ്പർ ലഭിച്ചിട്ടില്ല എന്ന് സൂചിപ്പിച്ച്ശ്രീ. വി.പി കുഞ്ഞിമോൻ ,വൈസ് പ്രസിഡൻ്റ് , ബദർ ജുമാ മസ്ജിദ്, കൂട്ടായി എന്നവർ ബഹു മുഖ്യമന്ത്രിയുടെ പരാതി പരിഹാര പോർട്ടലിൽ സമർപ്പിച്ച പരാതി പരിഗണിച്ചു. പരാതിക്കാരൻ അദാലത്ത് യോഗത്തിൽ ഹാജരായില്ല.

പഞ്ചായത്തിനെ പ്രതിനിധീകരിച്ച് സെക്ഷൻ ക്ലാർക്ക്, ശ്രീ.അബൂബക്കർ സിദ്ദിഖ് എന്നവർ ഹാജരായി . 28/10/2022 ലെ കെട്ടിടനിർമ്മാണാനുമതി അപേക്ഷ പ്രകാരം നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതിന് നൽകിയ അപേക്ഷയിൽ അപാകതകളുണ്ടെന്ന് ചൂണ്ടിക്കാട്ടി പഞ്ചായത്തിൽ നിന്ന് അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് സെക്ഷൻ ക്ലർക്ക് അറിയിച്ചു.Access width,P.H Toilet, Rain Water Storage Tank എന്നിവ സമർപ്പിത പ്ലാനിൽ കാണിച്ചിട്ടില്ല എന്നും നിലവിലുള്ള കെട്ടിടത്തിനും Proposed Building നും ആവശ്യമായ രീതിയിൽ Parking,Sanitation ഇവ കണക്കാക്കി പ്ലാൻ പുനഃസമർപ്പിക്കണമെന്നുമാണ് പ്രസ്തുത അറിയിപ്പിൽ സൂചിപ്പിച്ചിട്ടുള്ളത്. ആയതിൽ പാർക്കിംഗ് ഒഴികെയുള്ള അപാകതകൾ പരിഹരിക്കാമെന്ന് പരാതിക്കാരൻ അറിയിച്ചിട്ടുണ്ടെന്നും സെക്ഷൻ ക്ലർക്ക് യോഗത്തെ അറിയിച്ചു. ആയത് പരിഗണിച്ച് സ.ഉ(കൈ) നം 116/2024/LSGD നമ്പർ ഉത്തരവ് തീയതി 09/09/2024 നമ്പർ ഉത്തരവ് പ്രകാരം ഇളവുകൾ നൽകി ഭേദഗതി വരുത്തി നിബന്ധനകൾ പാലിച്ച് പ്ലാൻ പുനഃസമർപ്പിക്കുന്നതിന് പരാതിക്കാരനും, പ്ലാൻ അപാകതകൾ പരിഹരിച്ച് പുനഃസമർപ്പിക്കുന്ന മുറക്ക് നിയമാനുസൃത നടപടികൾ പാലിച്ച് അപേക്ഷ പരിഗണിക്കുന്നതിന് മംഗലം ഗ്രാമ പഞ്ചായത്ത് അധികൃതർക്കും നിർദ്ദേശം നൽകി തീരുമാനിച്ചു.
യോഗം 11.45 എ.എം ന് അവസാനിച്ചു.

മലപ്പുറം ഉപജില്ലാ സമിതി -6 ന് വേണ്ടി,

1.ശ്രീ.രാജൻ.കെ.കെ. , ഇൻറേണൽ വിജിലൻസ് ഓഫീസർ, കൺവീനർ (ഒപ്പ്)

2. ശ്രീ. നൈസാം.പി.കെ, ഡെപ്യൂട്ടി ടൌൺ പ്ലാനർ, അംഗം (ഒപ്പ്)

3. ശ്രീമതി.മിനിമോൾ.പി.കെഅസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, മലപ്പുറം ബ്ലോക്ക് പഞ്ചായത്ത്,അംഗം (ഒപ്പ്)

വിശ്വസ്തതയോടെ

**Rajan K K**

**INTERNAL VIGILANCE OFFICER**

പകർപ്പ് : 1. സമിതി അംഗങ്ങൾക്ക്,
2.ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്ക്(തുടർ നടപടിസ്വീകരിക്കുന്നതിന്),

**Signed by Rajan K K**
**Date: 12-03-2026 07:44:04**

3.പരാതി കക്ഷിക്ക്,